കോ-ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 09/2022 18.04.2022

# സഖാക്കൾ പ്രകാശനും ഗണേശനും ആദരം




സഖാക്കളെ,

നമ്മുടെ സംഘടനയുടെ രണ്ട് ശക്തി സ്തംഭങ്ങളായിരുന്ന സഖാക്കൾ ഗണേശൻ പുത്തലത്ത്, കെ പ്രകാശൻ എന്നിവർ ബാങ്കിന്റെ സർവ്വീസിൽ നിന്നും സമീപകാലത്ത് വിരമിച്ചിരിക്കയാണ്. നാലു പതിറ്റാണ്ടോളം നിലനിന്ന ഗ്രാമീണ ബാങ്കിലെ ജീവിതം ഈ രണ്ട് സഖാക്കളെ സംബന്ധിച്ചിടത്തോളവും പൂർണമായ പോരാട്ടത്തിന്റേതായിരുന്നു. ഗ്രാമീണ ബാങ്കിലെ രണ്ടാം തലമുറ നേതൃത്വത്തിലെ അവസാന കണ്ണികളാണ് സ. ഗണേശനും സ. പ്രകാശനും.

ഉദാത്തമായ ഉദ്ദേശലക്ഷ്യങ്ങളായിരുന്നു ഗ്രാമീണ ബാങ്ക് രൂപീകരണത്തിനു പിന്നിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നത്. ചുരുങ്ങിയ ചെലവിൽ ഗ്രാമ പ്രദേശങ്ങളിലേക്ക് ബാങ്കിംഗ് സൗകര്യം എത്തിക്കുക എന്ന ആ ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കുന്നതിന് അതിഗംഭീരമായി ഗ്രാമീണ ബാങ്കിലേക്ക് കടന്നു വന്ന യുവത്വം ഇടപെട്ടു.

'ആത്മാർത്ഥ സേവനം ദിനചര്യയാക്കി നാം
ആതങ്കമില്ലാതെ തൊഴിലെടുത്തു
അത്യുന്നതങ്ങളിൽ ബാങ്കിന്റെ സൽപ്പേർ
കൊത്തിവെപ്പിച്ചൂ തങ്കലിപികളിൽ'.

karline29.deviantart

പുതുതായി രൂപം കൊണ്ട ഗ്രാമീണ ബാങ്കുകൾ അതിന്റെ പ്രവർത്തനത്തിന്റെ പ്രത്യേകതയാൽ ജന ഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ചു. ഇത് ബോധപൂർവ്വമായ ഒരു ഇടപെടലായിരുന്നു, ഒരു സംഘടനാ പ്രവർത്തനമായിരുന്നു. തങ്ങളോടൊപ്പം നിൽക്കുന്നവരെ ഈ ആശയം പറഞ്ഞു പഠിപ്പിക്കാൻ മുന്നിട്ടു നിന്ന നേതാക്കളായിരുന്നു സ. ഗണേശനും സ. പ്രകാശനും.

അടിയന്തരാവസ്ഥയിൽ രൂപം കൊണ്ട ഗ്രാമീണ ബാങ്കുകൾ സ്വാഭാവികമായും അടിയന്തരാവസ്ഥയുടെ സ്വഭാവമാണ് അതിലെ ജീവനക്കാരോട് കാണിച്ചത്. കുറഞ്ഞ ചെലവിൽ ബാങ്കിംഗ് എന്നത് ജീവനക്കാരുടെ ശമ്പളം കുറച്ചു കൊണ്ട് നടപ്പാക്കാനാണ് തീരുമാനിക്കപ്പെട്ടത്. ബാങ്ക് ജീവനക്കാരുടെ ജോലി ചെയ്യുമ്പോഴും സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ശമ്പളം! "We are also bank employees, why this ditry discrimination?" എന്ന് ചോദിച്ചു കൊണ്ട് തുല്യ ജോലിക്ക് തുല്യവേതനത്തിനായി നടന്ന പോരാട്ടം, പോരാട്ടത്തിലൂടെ നേടിയെടുത്ത വേതനതുല്യത അട്ടിമറിച്ചപ്പോൾ അത് പുനസ്ഥാപിക്കാനായി നടന്ന പോരാട്ടം, പെൻഷന് വേണ്ടിയുള്ള പോരാട്ടം എന്നിങ്ങനെ നേടിയ നേട്ടങ്ങളെല്ലാം പോരാട്ടത്തിലൂടെയാ യിരുന്നു. അതിന് നെടുനായകത്വം വഹിച്ച രണ്ട് നേതാക്കളാണ് സ. പ്രകാശനും സ. ഗണേശനും.

മറ്റൊരു ബാങ്കിലും നടക്കാൻ സാധ്യതയില്ലാത്ത പ്രക്ഷോഭങ്ങളാണ് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിലും തുടർന്ന് കേരള ഗ്രാമീണ ബാങ്കിലും നടന്നത്. അതിലൂടെയാണ് ട്രാൻസ്ഫർ പോളിസിയും സ്റ്റാഫിംഗ് പാറ്റേണും ബാങ്കിൽ നിലവിൽ വന്നത്. ബാങ്കിന്റെ ജനകീയ സ്വഭാവം തിരിച്ചുപിടിക്കുന്നതിന് നടത്തിയ പോരാട്ടങ്ങൾ ഈ പോരാട്ടങ്ങൾ രൂപപ്പെടുത്തുന്നതു മുതൽ അവ മൊത്തം ജീവനക്കാരിൽ എത്തിക്കുന്നതിൽ വരെ ഈ സഖാക്കൾ പുലർത്തിയ നിഷ്ക്കർഷത ഏറെ ശ്ലാഘനീയമാണ്. നോർത്ത് മലബാർ ഗ്രാമീണ ബാങ്കിൽ നടന്ന അനിശ്ചിതകാല സമരം ഒത്തുതീർക്കണമെന്നാവശ്യപ്പെട്ട് സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൽ അനിശ്ചിതകാല സമരം നടത്തുക. ആ മഹത്തായ പാരമ്പര്യത്തിന്റെ നേരവകാശികളാണ് ഈ രണ്ട് സഖാക്കളും.

മഹാമാരി വലിയ അളവിൽ കുറഞ്ഞ പശ്ചാത്തലത്തിൽ ഫിസിക്കലായി ഒത്തുചേർന്നു കൊണ്ട് ഈ രണ്ട് നേതാക്കളെയും ആദരിക്കണം എന്നാഗ്രഹിക്കുന്നു. അന്താരാഷ്ട്ര തൊഴിലാളി ദിനമായ **മെയ് ഒന്നിന് കോഴിക്കോട് സരോജ്ഭവനിൽ രാവിലെ പത്ത് മണി മുതൽ ഉച്ചക്ക് രണ്ട് മണി വരെയായിരിക്കും പരിപാടി.** ഇത്തവണത്തെ മെയ് ദിനം ഇത്തരത്തിൽ വ്യത്യസ്തമായി ആചരിക്കാനാണ് നാം തീരുമാനിക്കുന്നത്. സഖാക്കൾക്ക് ആദരം അർപ്പിക്കുന്ന പരിപാടിയിലേക്ക് മുഴുവൻ സഖാക്കളെയും തൊഴിലാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നു. തങ്ങളുടെ സാന്നിധ്യം കൊണ്ട് പരിപാടി വൻ വിജയമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184

karline29.deviantart